കാസർഗോഡ് ജില്ലയിൽ പട്ടയം കിട്ടിയിട്ടും സ്ഥലം അളന്നു നൽകാത്ത നടപടി

24 (1963) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡു ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടും സ്ഥലം അളന്നു നൽകാത്ത നിരവധി കേസുകളുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥലം അളന്നു നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ റീ-സർവ്വേ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ആയതിനാൽ പട്ടയം കിട്ടിയവരുടെയെല്ലാം ഭൂമി കാലതാമസം കൂടാതെ അളന്നു തിട്ടപ്പെടുത്തുന്നതാണ്.

തളിപ്പറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന് മിച്ചഭൂമി ലഭ്യമാക്കാൻ നടപടി

25 (1964) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന് പട്ടുവം വില്ലേജിൽ ഗവൺമെന്റ് ആവശ്യത്തിന് നീക്കിവെച്ച മിച്ച ഭൂമി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള 60409/എൻ3/2001 നമ്പർ ഫയലിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ;

(ബി) ആയത് സംബന്ധിച്ചുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്നും മിച്ചഭൂമി കോളേജിനു എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഐ.എച്ച്.ആർ.ഡി-ക്ക് കൈമാറ്റം ചെയ്യുവാൻ അപേക്ഷിച്ച മിച്ചഭൂമിക്ക് കമ്പോളവില നൽകുവാൻ ഐ.എച്ച്.ആർ.ഡി. തയ്യാറാകാത്ത സാഹചര്യത്തിൽ ഭൂമി കൈമാറ്റത്തിനായി ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിരുന്ന അപേക്ഷ സർക്കാർ നിരസിക്കുകയുണ്ടായി.

നെടുമങ്ങാട് താലൂക്കിലെ ഭൂരഹിതർക്ക് നൽകിയ മിച്ചഭൂമി

26 (1965) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് താലൂക്കിലെ എത്ര ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിതരണം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണവും ഭൂരഹിതരുടെ പേരും വ്യക്തമാക്കാമോ ;

(സി) നെടുമങ്ങാട് താലൂക്കിലെ എത്ര ഏക്കർ മിച്ചഭൂമി ഇനിയും വിതരണം നടത്തുന്നതിന് സർക്കാരിന്റെ പക്കലുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിച്ചഭൂമി വിതരണം ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) നെടുമങ്ങാട് താലൂക്കിൽ 20,15,246 ഏക്കർ മിച്ചഭൂമി ഇനിയും വിതരണത്തിനായി സർക്കാരിന്റെ പക്കലുണ്ട്.

പ്ലീഡർമാരുടെ സേവന-വേതന വ്യവസ്ഥകൾ

27 (1966) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ കോടതികളിലായി സർക്കാർ പ്ലീഡർമാരായി ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സുപ്രീംകോടതി സ്റ്റാൻഡിംഗ് കൗൺസിലായി എത്ര പേരെ നിയമിച്ചിട്ടുണ്ട് ; അവരുടെ പൂർണ്ണവിവരവും സേവന വേതന വ്യവസ്ഥകളും എന്താണ് ;

(സി) ഹൈക്കോടതിയിൽ പ്ലീഡർമാരായി നിയമിച്ചിട്ടുള്ളവരുടെ പേരും അവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വിവിധ കോടതികളിൽ പ്ലീഡർമാരായി ജോലി ചെയ്തുവരുന്നവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ഇ) ഇവർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇവർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ കോടതികളിലായി 136 സർക്കാർ പ്ലീഡർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) സുപ്രീംകോടതി സ്റ്റാൻഡിംഗ് കൗൺസിലായി രണ്ടുപേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പൂർണ്ണ വിലാസം താഴെ വിവരിക്കും പ്രകാരമാണ്.

1. ശ്രീ. കെ. ആർ. ശശിപ്രഭു, അഡ്വക്കേറ്റ്, സുപ്രീംകോർട്ട്, 305 റാം ഹൗസ്, മിഡിൽ സർക്കിൾ, എ ബ്ലോക്ക്, കൊണാട്ട് പാലസ്, ന്യൂഡൽഹി.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly